## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ പഞ്ചായത്തുകളുടെ വീഴ്ച

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 544

07.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ.ബാലൻ<br>,, എളമരം കരീം<br>" ബി.ഡി. ദേവസ്സി<br>" സി.കെ.സദാശിവൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് നിയമം അനുശാസിക്കുംവിധം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പല പഞ്ചായത്തുകളും വീഴ്ച വരുത്തുന്നതായുള്ള പരാതി സംബന്ധിച്ച് വിശദമാക്കാമോ; | (എ)<br>(ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് പ്രവൃത്തി സ്ഥലത്ത് നിയമമനുശാസിക്കുന്ന വിധം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | തൊഴിലുറപ്പ് തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിൽ വീഴ്ചവരുത്തുന്ന പഞ്ചായത്തുകളേയും ഉദ്യോഗസ്ഥരേയും കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പുതുതായി ഭേദഗതി ചെയ്ത പട്ടിക 2 ഖണ്ഡിക 23, 24 എന്നിവയിൽ പ്രവൃത്തിസ്ഥലത്ത് ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച്, സുരക്ഷിതമായ കുടിവെള്ളം, കുട്ടികൾക്കും തൊഴിലാളികൾക്ക് വിശ്രമസമയത്തും വേണ്ട തണൽ, തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ സംഭവിക്കുന്ന വിപത്തുകൾക്കും ചെറിയ പരിക്കുകൾക്കും അടിയന്തിര ചികിത്സയ്ക്ക് പര്യാപ്തമായ മരുന്നുകളും അനുബന്ധ സാമഗ്രികളും അടങ്ങുന്ന പ്രാഥമിക ശുശ്രൂഷാപ്പെട്ടി (First Aid Box) തൊഴിലാളികൾക്കൊപ്പം പ്രവൃത്തി സ്ഥലത്ത് വരുന്ന 5 വയസ്സിൽ താഴെയുള്ള കുട്ടികളെ പരിചരിക്കാൻ ആയയുടെ സേവനം, എന്നീ അടിസ്ഥാനസൗകര്യങ്ങൾ പ്രവൃത്തിസ്ഥലത്ത് ലഭിക്കുന്നതിന് തൊഴിലാളികൾക്ക് അവകാശമുണ്ട്. ഇതനനുസരിച്ച് ആവശ്യമായ സൗകര്യങ്ങൾ പ്രവൃത്തിസ്ഥലത്ത് ഒരുക്കുന്നതിനും ഇതിനാവശ്യമായ തുക പദ്ധതിയുടെ ഭരണചെലവിൽ നിന്നും കണ്ടെത്തി നിർവ്വഹിക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വത്തിൽ പ്രവൃത്തിയുടെ മേറ്റിനാണ് പ്രവൃത്തി സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത്. ഇതിനാവശ്യമായ പരിശീലനം മേറ്റുമാർക്ക് നൽകി വരുന്നുണ്ട്. പ്രവൃത്തിസ്ഥലത്ത് ഒരുക്കേണ്ട ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചുറപ്പ് വരുത്തുന്നതിന് വാർഡ്തലത്തിൽ ജാഗ്രതാ മേൽനോട്ടസമിതികൾ, വാർഡ് മെമ്പർ അദ്ധ്യക്ഷനായ വാർഡ്തല കോർഡിനേഷൻ കമ്മിറ്റി, ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തല ഉദ്യോഗസ്ഥർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇക്കാര്യങ്ങൾ ഉൾപ്പെടെയുള്ള പദ്ധതി നിർവ്വഹണത്തിലെ എല്ലാ ഘടകങ്ങളും പരിശോധിക്കുന്നതിനും വീഴ്ചയുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുമായി ക്വാളിറ്റി മോണിറ്റർമാരെ എല്ലാ ജില്ലകളിലും നിയമിച്ചിട്ടുണ്ട്. മാത്രമല്ല, തൊഴിലാളികളുടെ ഇത്തരം അവകാശങ്ങൾ പരിരക്ഷിക്കുന്നതിൽ സംഭവിക്കുന്ന വീഴ്ചകൾ സംബന്ധിച്ച പരാതികൾ തൊഴിലാളികൾക്കും പൊതുസമൂഹത്തിനും ഉന്നയിക്കാനാകും. ഇതിലേക്കായി ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിൽ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരായ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ഡിസ്ട്രിക്ട് പ്രോഗ്രാം ഓഫീസർ, തൊഴിലുറപ്പ് മിഷൻ ഡയറക്ടർ/ തൊഴിലുറപ്പ് കമ്മീഷണർ എന്നിവർക്ക് രേഖാമൂലമോ ടെലഫോൺ മുഖേനയോ പരാതി നൽകാവുന്നതാണ്. ഇതിനായി ജില്ലാ കേന്ദ്രങ്ങളിലും സംസ്ഥാന മിഷനിലും ടോൾഫ്രീയായി ടെലഫോണുകൾ സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ, വീഴ്ചകൾ ശ്രദ്ധയിൽ പെട്ടാൽ, സത്വരനടപടികൾ സ്വീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താനാകും. അതോടൊപ്പം ഇത്തരം പരാതികൾ പദ്ധതിയുടെ ജില്ലാതല ഓംബുഡ്സ്മാൻമാർക്കും നൽകാവുന്നതാണ്. ഓരോ ആറ് മാസത്തിലൊരിക്കലും സംഘടിപ്പിക്കുന്ന പദ്ധതിയുടെ വാർഡ്തല സോഷ്യൽ ഓഡിറ്റിംഗിലും ഇത്തരം വീഴ്ചകളുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതിനും ഉത്തരവാദികൾക്കെതിരെ ഉചിതനടപടികൾ ശുപാർശ ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. പ്രസ്തുത ശുപാർശകൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.